LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പ് നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങൾ

258 (264) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് നടപ്പാക്കുന്ന വികസന പ്രവർത്തനങ്ങളിൽ സുതാര്യത ഇല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനം വകുപ്പ് മുഖേന വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുമ്പോൾ, ജനപ്രതിനിധികളുടെയും, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ സുതാര്യത ഉറപ്പു വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) വനം വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ പ്രാദേശിക തലത്തിൽ രൂപപ്പെടുത്തുമ്പോൾ ജനപ്രതിനിധികളുടേയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും കണക്കിലെടുത്താണ് രൂപപ്പെടുത്തുക. വികസന പ്രവർത്തനങ്ങൾ മിക്കവയും പ്രാദേശികവാസികളുടെ പങ്കാളിത്തമുള്ള വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവയാണ് നടപ്പാക്കുന്നത്. എല്ലാതലത്തിലും സുതാര്യത ഉറപ്പ് വരുത്തുന്നതിന് വനം വകുപ്പ് പ്രാദേശിക തലത്തിൽ നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

തടി മുറിക്കുന്നതിനുള്ള ലേല അവകാശത്തിനും തടികളുടെ ഓൺലൈൻ ലേലത്തിനും സംവിധാനം

259 (265) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനംവകുപ്പിനു കീഴിലുള്ള വിവിധ റേഞ്ചുകളിൽ നിന്നും തടി മുറിക്കുന്നതിനുള്ള ലേല അവകാശത്തിനും ഡിപ്പോകളിലും റെയിഞ്ചുകളിലും അട്ടിവച്ചിട്ടുള്ള തടികളുടെ ഓക്ഷനും ഓൺലൈൻ സംവിധാനം എന്നുമുതലാണ് ഏർപ്പെടുത്തിയത് ; തടി മുറിക്കുന്നതിന് ഇ ടെൻഡറും, തടി ലേലത്തിന് ഇ ഓക്ഷനും ഏർപ്പെടുത്തുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ; ആരുടെ നിർദ്ദേശപ്രകാരമാണ് ഈ രണ്ടു മേഖലയിലും ഇ-ടെൻഡറും, ഇ ഓക്ഷനും ഏർപ്പെടുത്തിയിട്ടുള്ളത് ;

(ബി) ഇ-ടെൻഡറും, ഇ-ഓക്ഷനും നടത്തുന്നത് വനംവകുപ്പ് നേരിട്ടാണോ ; അല്ലെങ്കിൽ ഏത് ഏജൻസി മുഖേനയാണ് ഇത് നടപ്പാക്കുന്നത് ; ഇത് പൊതുമേഖലാ സ്ഥാപനമാണോ ; ഇങ്ങനെ ഒരു ഏജൻസിയെ ഇത് ഏൽപ്പിച്ചതിന്റെ കാരണം വിശദമാക്കാമോ ; എത്ര ശതമാനം തുകയാണ് ഈ ഏജൻസിക്ക് നൽകേണ്ടി വരിക; ഇ-ടെൻഡറിംഗും, ഇ-ഓക്ഷനും ഏർപ്പെടുത്തിയതിനു ശേഷം എത്ര തുകയ്ക്കുള്ള ഇ-ടെൻഡർ, ഇ-ഓക്ഷൻ എന്നിവ ഈ ഏജൻസി വഴി നടത്തി ; എത്ര തുക ഇതിനായി ഏജൻസിക്ക് നൽകി ;

(സി) ഇ-ടെൻഡറിലും ഇ-ഓക്ഷനിലും പങ്കെടുക്കാനായി കരാറുകാർ ലൈസൻസ് ഫീസോ, രജിസ്ട്രേഷൻ ഫീസോ ഈ ഏജൻസിക്ക് അടയ്ക്കേണ്ടതുണ്ടോ ; എങ്കിൽ ഓരോ വിഭാഗത്തിലും അടയ്ക്കേണ്ട തുക എത്ര വീതം ; ഈ തുക നിശ്ചയിച്ചത് ആരാണ്;

(ഡി) സംസ്ഥാന വനംവകുപ്പിന് ലഭിക്കേണ്ട കോടിക്കണക്കിന് രൂപ ഇത്തരത്തിൽ സംസ്ഥാനത്തിന് പുറത്തേക്ക് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) തടി വിൽപ്പനയ്ക്കായി വനംവകുപ്പിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ ; ഇ-ഓക്ഷൻ ഏർപ്പെടുത്തുന്നതിന് മുമ്പ് ഡിപ്പോകളിലെ ലേലത്തിന് സാധാരണയായി പങ്കെടുത്തിരുന്നവർ എത്ര ; ഇ-ഓക്ഷന് രജിസ്റ്റർ ചെയ്തവർ എത്ര ; ഇ-ഓക്ഷൻ വരുന്നതിനു മുമ്പുള്ള 4 മാസത്തെ ശരാശരി വിൽപ്പന നികുതിയും, വന്നതിനുശേഷം 4 മാസത്തെ വിൽപ്പന നികുതിയും എത്ര വീതമെന്ന് വ്യക്തമാക്കാമോ ;

(എഫ്) മറ്റ് സംസ്ഥാനങ്ങളിൽ പരാജയപ്പെട്ട ഈ പരീക്ഷണംവഴി സംസ്ഥാനത്ത് ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന നിരവധി ചെറുകിട കച്ചവടക്കാർക്ക് തൊഴിൽ നഷ്ടപ്പെടുകയും, സംസ്ഥാന ഖജനാവിന് ഭീമമായ നഷ്ടം വരുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ സംവിധാനം പുനഃപരിശോധിക്കാൻ സർക്കാർ തയ്യാറാവുമോ ?

ഉത്തരം

(എ) 19-11-2014 മുതൽ G.O (P) No. 15/13/Fin., dated 7-1-2013 പ്രകാരമാണ് 25 ലക്ഷത്തിനുമുകളിലുള്ള ഡിപ്പാർട്ട്മെന്റ് ജോലികൾക്ക് ഇ-ടെൻഡർ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിലാണ് അടച്ചുമൂടി ഉൾപ്പെടെയുള്ള ജോലികൾക്ക് ഇ-ടെൻഡർ സംവിധാനം നടത്തിവരുന്നത്. G.O. (Rt) No. 132/14/F&WLD., dated 1-3-2014 പ്രകാരമാണ് തടി ലേലവും ഇ-ലേലം ആക്കിയിട്ടുള്ളത്; രണ്ട് മേഖലയിലും സർക്കാർ നിർദ്ദേശാനുസരണമാണ് ഇ-ടെൻഡറും ഇ-ഓക്ഷനും ഏർപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇ-ടെൻഡർ നടത്തുന്നത് NIC ഏർപ്പെടുത്തിയ സംവിധാനം വഴിയും ഇ-ലേലം നടത്തുന്നത് M/s MSTC Ltd.-ന്റെ സാങ്കേതിക സഹായത്തോടെയുമാണ്. രണ്ട് സംവിധാനങ്ങളും വനം വകുപ്പ് നേരിട്ടാണ് നടത്തുന്നത്. M/s MSTC Ltd. കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള ഒരു പൊതുമേഖലാ സ്ഥാപനമാണ്. ഇ-ലേലം നടത്താൻ പര്യാപ്തമായ സോഫ്റ്റ്വെയർ വികസിപ്പിക്കാൻ എൻ.ഐ.സി.-ക്ക് സാധിക്കാത്ത സാഹചര്യത്തിലാണ് സർക്കാർ ഉത്തരവനുസരിച്ച് M/s MSTC Ltd. എന്ന സ്ഥാപനത്തെ ഇ-ലേലം നടത്തുവാനുള്ള ചുമതല ഏൽപ്പിച്ചത്. ലഭിച്ച വിൽപ്പന വിലയുടെ 0.8% ആണ് നികുതികൾ. കൂടാതെ M/s MSTC Ltd.-ന് സർവ്വീസ് ചാർജ്ജ് ഇനത്തിൽ നൽകുന്നത്, 27-2-2014 വരെ 22,54,85,132 രൂപയുള്ള ഇ-ലേലം M/s MSTC Ltd. വഴി നടത്തി, ഇതിന്റെ 0.8% ആയ 18,03,881 രൂപ ഈ സ്ഥാപനത്തിന് നൽകേണ്ടതുണ്ട്. 19-11-2014 മുതൽ 13-1-2015 വരെയുള്ള കാലാവധിക്കുള്ള സർവ്വീസ് ചാർജ്ജായ 7,49,191 രൂപയുടെ ബില്ലുകൾ ടി കമ്പനി വനം വകുപ്പിന് സമർപ്പിച്ചത് അനന്തര നടപടികൾക്കായി ടിംബർ സെയിൽസ് ഡി.എഫ്.ഒ.-മാർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(സി) ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിനായി കച്ചവടക്കാർ 5618 രൂപയും ഒറ്റത്തവണ ഉപഭോക്താക്കൾ 562 രൂപയും (രണ്ടിലും നികുതികൾ ഉൾപ്പെടെ) രജിസ്ട്രേഷൻ ഫീസായി M/s MSTC Ltd.-ന് അടയ്ക്കേണ്ടതുണ്ട്. ഇ-ടെണ്ടർ സംബന്ധിച്ച് ജോലിയുടെ തോത് അനുസരിച്ചാണ് നിരതദ്രവ്യം അടയ്ക്കേണ്ടത്. ടി യുക വനം വകുപ്പിന്റെ ശിപാർശപ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്.

(ഡി) ഇല്ല.

(ഇ) തടി വിൽപ്പനയ്ക്കായി ഇ-ലേലമാണ് നടത്തിവരുന്നത്. വിറക്, കഴ, ബില്ലറ്റ് എന്നിവയ്ക്ക് പഴയ രീതിയിലുള്ള ലേല നടപടി തന്നെയാണ് ഇപ്പോഴും സ്വീകരിച്ചിട്ടുള്ളത്. ഇ-ഓക്ഷൻ ഏർപ്പെടുത്തുന്നതിനുമുമ്പ് തടി ഡിപ്പോകളിൽ ഒരു ലേലത്തിൽ ശരാശരി 10 മുതൽ 15 പേർ വരെയാണ് പങ്കെടുത്തിരുന്നത്. ഇ-ഓക്ഷന് നാളിതുവരെ 282 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇ-ഓക്ഷൻ വരുന്നതിനു മുമ്പുള്ള നാല് മാസത്തെ ശരാശരി വിൽപ്പന നികുതിയും വന്നതിനുശേഷം നാല് മാസത്തെ വിൽപ്പന നികുതിയും സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) തടി ഡിപ്പോകളിൽ തടി വിൽപ്പനയ്ക്ക് പൂർണ്ണമായും ഇ-ലേലം ഏർപ്പെടുത്തുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം. ഇ-ലേലം ഏർപ്പെടുത്തിയതുകൊണ്ട് ഈ മേഖലയിൽ പ്രവർത്തിച്ചുവരുന്ന ചെറുകിട കച്ചവടക്കാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ നഷ്ടപ്പെട്ടിട്ടില്ല. സർക്കാർ ഖജനാവിന് നഷ്ടവും സംഭവിച്ചിട്ടില്ല. പ്രത്യേക 7 ദിവസംകൊണ്ട് വളരെ വേഗത്തിൽ ലേലം സ്ഥരിപ്പെടുത്തുന്നതിനാൽ സർക്കാരിന് ലഭിക്കേണ്ടുന്ന കോടിക്കണക്കിന് രൂപയുടെ വരുമാനം വളരെപെട്ടെന്നതന്നെ ഖജനാവിൽ എത്തുന്ന സ്ഥിതിവിശേഷമാണ് തടി വില്പനയ്ക്ക് വനം വകുപ്പ് ഇ-ലേലം നടപ്പിലാക്കിയതുകൊണ്ട് സംജാതമായിരിക്കുന്നത്. മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ പുനഃപരിശോധന ആവശ്യമില്ല.

കണ്ടം ഓലപ്പാറ വലിയതോടിന് കുറുകെയുള്ള ചപ്പാത്ത് നിർമ്മാണം

260 (266) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ നിയോജക മണ്ഡലത്തിൽ എം.എൽ.എ. നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 2014-15 വർഷത്തിൽ തെന്മല ഗ്രാമപഞ്ചായത്തിൽ ചെറുകടവ് വാർഡിൽ തൊടിയിൽ കണ്ടം ഓലപ്പാറ വലിയതോടിന് കുറുകെ ചപ്പാത്ത് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം വനം വകുപ്പിന് ലഭിച്ച തീയതി എന്നാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത നിർദ്ദേശ പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോട് (സ്പെഷ്യൽ അഫോറസ്റ്റേഷൻ) ടി പ്രവൃത്തിയുടെ റിപ്പോർട്ട് ആവശ്യപ്പെട്ടത് എന്നാണ്; ആയതിനു 19-11-2014-ലെ FC2-47083/2014 നമ്പർ കത്ത് പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ)നൽകിയ മറുപടി കത്തുകളുടെയും അനുബന്ധ രേഖകളുടെയും പകർപ്പുകൾ സഹിതമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 18-10-2014

(ബി) 28-10-2014-ന് ആയതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സ്പെഷ്യൽ അഫോറസ്റ്റേഷൻ) & നോഡൽ ഓഫീസർ നൽകിയ 19-11-2014-ലെ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly